ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.08.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   President Droupadi Murmu to be on a three-nation visit to Fiji, New Zealand & Timor Leste.

2. വയനാട് ദുരന്തത്തിന്റെ ആറാം നാളായ ഇന്നും തെരച്ചിൽ ഊർജ്ജിതം, ദുരിതബാധിതരുടെ മാനസിക ആരോഗ്യത്തിനും പുനരധിവാസത്തിനുമാണ് പ്രാധാന്യം നൽകേണ്ടതെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി.

   Search and rescue operations continues in landslide hit Wayanad. Mental health and rehabilitation of the victims should be given prior importance says MoS Suresh Gopi.

3. വയനാട് ദുരന്ത മേഖലയിലെ കുട്ടികളുടെ മാനസികാരോഗ്യ പിന്തുണയ്ക്കും പരിചരണത്തിനും പ്രത്യേക പ്രാധാന്യം നൽകണമെന്ന് മന്ത്രി വീണാ ജോർജ്.

   Mental health support and care of children in Wayanad disaster area should give prior importance says Minister Veena George.

4. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയ്ക്ക് ഇന്ന് നിർണായക മത്സരങ്ങൾ, പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ഗ്രേറ്റ് ബ്രിട്ടനുമായി ഏറ്റുമുട്ടും.

In Paris Olympics, Crucial matches for India ; India will face Great Britain today in men's hockey quarter finals.

5. ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന് ഉച്ചയ്ക്ക് 2.30 ന്.

India-Sri Lanka 2nd ODI cricket match will begin at 2.30 pm today

$$$$$$$$$$$$$$$

**PREZ- GOVERNORS CONFERENCE**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അധ്യക്ഷതയിൽ വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനം ഇന്നലെ രാഷ്ട്രപതി ഭവനിൽ സമാപിച്ചു. പരസ്പരം മനസ്സിലാക്കി പ്രവർത്തിക്കുന്നതിൻറെ ഭാഗമായി സമഗ്രമായ ചർച്ചകൾ നടത്താനുള്ള ഗവർണർമാരുടെ കൂട്ടായ ശ്രമങ്ങളെ രാഷ്ട്രപതി ദ്രൗപദി മുർമു പ്രശംസിച്ചു. രാജ്യത്തിന്റെ വികസനം സംസ്ഥാനങ്ങളുടെ സമഗ്രവും ത്വരിതഗതിയിലുള്ളതുമായ വികസനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് രാഷ്ട്രപതി പറഞ്ഞു. കാര്യക്ഷമമായ പ്രവർത്തനത്തിനായി അതാത് സംസ്ഥാന സർക്കാരുകളുമായി വിവരങ്ങൾ തേടാനും സുസ്ഥിരമായ ആശയവിനിമയം നിലനിർത്താനും ഗവർണർമാർ മടിക്കേണ്ടതില്ലെന്ന് ചടങ്ങിൽ പങ്കെടുത്ത ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. രാജ്ഭവനുകളിൽ ഭരണത്തിൻറെ മാതൃക രൂപപ്പെടുത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ പ്രസംഗത്തിൽ ഗവർണർമാരോട് അഭ്യർത്ഥിച്ചു.

$$$$$$$$$$$$$$$

# HEADLINES-1

**PREZ- VISIT (INTRO)**

***രാഷ്ട്രപതിദ്രൗപദി മുർമുവിന്റെ ത്രിരാഷ്ട്ര സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്.***

***വിശദാംശങ്ങളിലേക്ക്.......***

***(VOICE)***

***-ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ആദ്യഘട്ടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ നിന്ന് ഫിജിയിലെ നാഡിയിലേക്ക് യാത്ര തിരിക്കും. ഫിജിയിൽ തലസ്ഥാന നഗരിയായ സുവയിൽ ഉഭയകക്ഷി യോഗങ്ങൾ നടത്തും. ഫിജിയൻ പാർലമെന്റിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. തുടർന്ന് ന്യൂസിലാൻഡിലെത്തുന്ന രാഷ്ട്രപതി ഉഭയകക്ഷി യോഗങ്ങളിൽ പങ്കെടുക്കും. വെല്ലിംഗ്ടണിൽ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെയും ശ്രീമതി മുർമു അഭിസംബോധന ചെയ്യും. ഓക്‌ലൻഡിൽ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ തിമോർ ലെസ്റ്റേയിൽ എത്തുന്ന രാഷ്ട്രപതി തലസ്ഥാന നഗരമായ ഡിലിയിൽ ഉഭയകക്ഷി യോഗങ്ങൾ നടത്തും. തിമോറിലെ ഇന്ത്യൻ സമൂഹമവുമായും ശ്രീമതി ദ്രൗപദി മുർമു സംവദിക്കും.***

***ന്യൂസ് ഡെസ്ക് ആകാശവാണി.***

**$$$$$$$$$$$$$$$**

# HEADLINES-2A

**SURESH GOPI**

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വയനാട്ടിലെ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം പ്രദേശങ്ങൾ സന്ദർശിച്ചു. ദുരിതബാധിതരുടെ മാനസിക ആരോഗ്യത്തിനും പുനരധിവാസത്തിനുമാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നതെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു. ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിന്റെ നിയമവശം കേന്ദ്രസർക്കാർ പരിശോധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ദുരന്തഭൂമി സന്ദർശിച്ച അദ്ദേഹം രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന സൈനിക ഉദ്യോഗസ്ഥരുമായി സംസാരിച്ചു. രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് സൈനിക ഉദ്യോഗസ്ഥർ അദ്ദേഹത്തോട് വിശദീകരിച്ചു.

**$$$$$$$$$$$$$$$**

## HEADLINES-2

**WAYANAD**

വയനാട് ദുരന്തത്തിന്റെ ആറാം നാളായ ഇന്നും തെരച്ചിൽ തുടരുന്നു. സേവർ റഡാറും റെക്കോ റഡാറുകളുമടക്കം ഉൾപ്പെടുത്തിക്കൊണ്ടുള്ള തിരച്ചിലാണ് ഇന്ന് നടക്കുന്നത്. ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇതുവരെ ആകെ മരണം 365 ആയി. 219 പേരുടെ മരണമാണ് സംസ്ഥാന സർക്കാർ ഔദ്യോഗികമായി സ്ഥിരീകരിച്ചത്. തിരിച്ചറിയാൻ കഴിയാത്ത 67 മൃതദേഹങ്ങൾ പുത്തുമലയിലെ ഹാരിസൺ മലയാളത്തിന്റെ സ്ഥലത്ത് സംസ്കരിക്കും. സംസ്കാരം നടത്താൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് റവന്യൂ ഉദ്യോഗസ്ഥർ സർവേ നടത്തി. 64 സെന്റ് സ്ഥലമാണ് അളന്നു തിട്ടപ്പെടുത്തിയത്. 200 മൃതദേഹങ്ങൾ സംസ്കരിക്കാനുള്ള സ്ഥലമാണ് ഹാരിസൺ മലയാളത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. ഇവിടെ 67 മൃതദേഹങ്ങൾ ഇന്ന് തന്നെ സംസ്കരിക്കും. സർവമത പ്രാർത്ഥനയോടെ സംസ്കാരം നടത്താനാണ് തീരുമാനം. സർക്കാർ മരണം സ്ഥിരീകരിച്ച 219 പേരിൽ 98 പുരുഷന്മാരും 90 സ്ത്രീകളുമാണ്. 31 കുട്ടികളും മരിച്ചവരിൽ ഉൾപ്പെടുന്നു. ഇതിൽ 152 മൃതദേഹങ്ങൾ ബന്ധുക്കൾ തിരിച്ചറിഞ്ഞു. ഇത് കൂടാതെ 147 ശരീരഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 206 പേരെ കണ്ടെത്താൻ ഉണ്ടെന്നാണ് ഔദ്യോഗിക കണക്ക്. 518 പേരെ ആയിരുന്നു ദുരന്ത സ്ഥലത്തുനിന്ന് ആശുപത്രിയിൽ എത്തിച്ചത്. ഇതിൽ 88 പേരാണ് ഇപ്പോഴും ചികിത്സയിൽ തുടരുന്നത്.

**$$$$$$$$$$$$$$$$**

## HEADLINES-3

**VEENA GEORGE – WAYANAD**

വയനാട് ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ ദുരന്ത മേഖലയിലെ കുട്ടികൾക്ക് മാനസികാരോഗ്യ പിന്തുണയും പരിചരണവും ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്. കുട്ടികളുടെ മാനസിക പിന്തുണ ഉറപ്പാക്കുന്നതിന് 137 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. അതേസമയം ദുരന്തത്തിലും എന്താണ് സംഭവിച്ചതെന്ന് തുടങ്ങിയ വിശദീകരണങ്ങൾ കുട്ടികളോട് ചോദിയ്ക്കരുതെന്ന് മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് മന്ത്രി നിർദ്ദേശം നൽകി.

$$$$$$$$$$$$$$$

**POLICE PASSSINGOUT PARADE**

തൃശൂരിലെ കേരള പോലീസ് അക്കാഡമിയിൽ ഇന്ന് നടന്ന പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിച്ചു. വയനാട്ടിൽ പോലീസും അഗ്നിശമനസേനയും, സൈന്യവും, ദുരന്ത നിവാരണ സേനയും രക്ഷാപ്രവർത്തനത്തിൽ സ്വന്തം ജീവനർപ്പിച്ചു പ്രവർത്തിക്കുകയാണെന്നും അവർ നമ്മുടെ നാടിന്റെ മനുഷ്യത്വം കാത്തുസൂക്ഷിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ദുരന്ത മുഖങ്ങളിൽ കേരളം കാത്ത് സൂക്ഷിക്കുന്ന മനുഷ്യത്വം നഷ്ടപ്പെടാതെ പരിപാലിക്കുക എന്ന ഉത്തരവാദിത്തം ഇന്ന് കേരള പോലീസ് സേനയുടെ ഭാഗമാകുന്നവർക്കുമുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. കേരള പോലീസ് സേനയുടെ ഭാഗമാകുന്ന 410 കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡാണ് ഇന്ന് നടന്നത്.

$$$$$$$$$$$$$$$

**DRONE SURVEY**

മുണ്ടക്കൈ - ചൂരൽമല ദുരിതബാധിത പ്രദേശങ്ങളിൽ ഡ്രോൺ സർവ്വേ നടത്തുമെന്ന് സംസ്ഥാന മന്ത്രിസഭാ ഉപസമിതി അറിയിച്ചു. മേഖലയിലെ പഴയകാല ചിത്രവുമായി താരതമ്യം ചെയ്യാവും തിരച്ചിൽ. ഉരുൾപൊട്ടലിൽ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മൺകൂനകളുടെ ഉയർച്ച വ്യത്യാസം മനസ്സിലാക്കി പരിശോധന ശക്തമാക്കും.

$$$$$$$$$$$$$$$

**ARMY - HP RELIEF**

ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനവും മണ്ണിടിച്ചിലും ഉണ്ടായതിനെ തുടർന്ന് ഷിംല, മാണ്ഡി ജില്ലകളിൽ നടക്കുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഇന്ത്യൻ സേന ശക്തമാക്കി. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വെള്ളപ്പൊക്കമുണ്ടായ സമേജിൽ 90 ഓളം പേരെ കരസേനയുടെ മെഡിക്കൽ ക്യാമ്പിലേക്ക് മാറ്റിയതായി സൈന്യം അറിയിച്ചു. രക്ഷാപ്രവർത്തനത്തിനായി കൂടുതൽ സംഘങ്ങളെ വിന്യസിച്ചതായും, അവശ്യ വസ്തുക്കൾ സമാഹരിച്ചതായും പ്രതിരോധ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$

**VAISHNAW– SEMICONDUCTOR**

അസമിലെ മോറിഗാവിൽ ടാറ്റയുടെ അർദ്ധചാലക യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. 27,000 കോടി രൂപ മുതൽ മുടക്കിലാണ് ഈ യൂണിറ്റ് സ്ഥാപിക്കുന്നത്. ഇതിലൂടെ 15,000 പേർക്ക് നേരിട്ടും 13,000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. പ്രതിദിനം നാല് കോടി 83 ലക്ഷം അർദ്ധചാലക ചിപ്പുകൾ നിർമ്മിക്കുന്ന വലിയ പ്ലാന്റായിരിക്കും ഇത്.

ഈ ചിപ്പുകൾ ഇലക്ട്രിക് വാഹനത്തിലും ആശയവിനിമയ, ശൃംഖല സൗകര്യങ്ങളിലും ഉപയോഗിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

$$$$$$$$$$$$$$$

**CENTRE – ORGAN TRANSPORT**

വ്യോമ, റോഡ്, റെയിൽവേ, ജലപാതാ മാർഗങ്ങളിലൂടെ മനുഷ്യാവയവങ്ങൾ എത്തിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറപ്പെടുവിച്ചു. രാജ്യത്തൊട്ടാകെ അവയവമാറ്റ ശസ്ത്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള മാർഗനിർദേശ രേഖയാണ് സർക്കാർ നൽകുന്ന എസ്ഒപികളെന്ന് ആരോഗ്യ സെക്രട്ടറി അപൂർവ ചന്ദ്ര പറഞ്ഞു. എസ്ഒപി അനുസരിച്ച്, മനുഷ്യാവയവങ്ങൾ വഹിക്കുന്ന വിമാനക്കമ്പനികൾക്ക് വിമാനത്തിന്റെ മുൻഗണന ടേക്ക് ഓഫ് ലാൻഡിംഗിനായി എയർ ട്രാഫിക് കൺട്രോളിനോട് അഭ്യർത്ഥിക്കാനും മുൻ നിര സീറ്റുകൾ ക്രമീകരിക്കാനും കഴിയും. നിതി ആയോഗ്, ബന്ധപ്പെട്ട മന്ത്രാലയങ്ങൾ, അവയവമാറ്റ വിദഗ്ധർ എന്നിവരുമായി കൂടിയാലോചിച്ചാണ് മാനദണ്ഡം വികസിപ്പിച്ചിട്ടുള്ളത്.

$$$$$$$$$$$$$$$

# HEADLINES-4

**OLYMPICS – SCHEDULE**

പാരീസ് ഒളിമ്പിക്സിൽ, പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ഗ്രേറ്റ് ബ്രിട്ടനുമായി ഏറ്റുമുട്ടും. ഇന്നത്തെ മത്സരം ജയിക്കാനായാൽ

തുടർച്ചയായ രണ്ടാം ഒളിമ്പിക്സിലും ഇന്ത്യ അവസാന നാലിൽ ഇടം പിടിക്കും. ഉച്ചയ്ക്ക് 1 . 30 നാണ് മത്സരം. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ബോക്സിങ്ങിൽ വനിതകളുടെ 75 കിലോഗ്രാം വിഭാഗം ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ ലവ്ലിന ബോർഗോഹൈൻ ചൈനയുടെ ലി ക്വിയാനുമായി ഏറ്റുമുട്ടും. 3:30 ന് നടക്കുന്ന ഷട്ടിൽ ബാറ്റ്മിന്റൺ പുരുഷ സിംഗിൾസ് സെമിഫൈനലിൽ ലക്ഷ്യ സെൻ, ടോക്കിയോ ഒളിംപിക്സിലെ സ്വർണ മെഡൽ ജേതാവായ ഡെന്മാർക്കിന്റെ വിക്ടർ അക്സെൽ സെന്നിനെ നേരിടും. അതേസമയം ഗോൾഫിൽ പുരുഷൻമാരുടെ വ്യക്തിഗത വിഭാഗം ഫൈനൽ റൗണ്ട് മത്സരങ്ങളും ഷൂട്ടിംഗിലെ യോഗ്യത റൗണ്ട് മത്സരങ്ങളും പുരോഗമിക്കുകയാണ്.

$$$$$$$$$$$$$$$

# HEADLINES-5

**INDIA – SL CRICKET**

ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്. ഉച്ചയ്ക്ക് 2.30ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ ഏകദിനം സമനില ആയിരുന്നു. മൂന്നു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

$$$$$$$$$$$$$$$

**HM-CHANDIGARH**

ക്രിമിനൽ നീതിന്യായവ്യവസ്ഥയുടെ ഭാഗമായി നിർമ്മിച്ച ഇ-എവിഡൻസ്, ന്യായ് സേതു, ന്യായ് ശ്രുതി, ഇ-സമൻ സംവിധാനങ്ങൾ എന്നിവ ചണ്ഡിഗഢിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും. മണിമജ്‌രയിൽ സ്മാർട്ട് സിറ്റി ദൗത്യത്തിന്റെ ഭാഗമായി മുഴുവൻ സമയ ജലവിതരണ പദ്ധതിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും.

$$$$$$$$$$$$$$$

**RAIN KERALA**

കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയുള്ള ന്യൂനമർദ പാത്തിയുടെ ഫലമായി സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$

## SUNDERBAN RAIN WARNING

സുന്ദർബനിലെ നദീ തീരത്ത് മഴ തുടരുന്നു. ഇന്ന് പ്രദേശത്ത് മഞ്ഞ ജാഗ്രതയാണ്. നദികൾ കര കവിഞ്ഞ് ഒഴുകുന്നതിനെ തുടർന്ന് ബ്ലോക്ക്, സബ്ഡിവിഷൻ തലങ്ങളിലാണ് കൺട്രോൾ റൂം തുറന്നത്. കനത്ത മഴയിലും വേലിയേറ്റത്തിലും ഗംഗാസാഗർ, മൗസുനി ദ്വീപ്, പഥർ പ്രതിമയിലെ ഗോബർധൻപൂർ, ഘോരമാര പ്രദേശങ്ങളിലെ നദികൾ വെള്ളപ്പൊക്കത്തെ തുടർന്ന് കരകവിഞ്ഞൊഴുകുകയാണ്.

$$$$$$$$$$$$$$$

## US UK CITIZEN

ഇസ്രയേൽ-ഹിസ്ബുള്ള സംഘർഷ ഭീതിയിൽ പൗരന്മാരോട് ലെബനൻ വിടാൻ നിർദ്ദേശിച്ച് അമേരിക്കയും ബ്രിട്ടണും. രാജ്യത്ത് ചില എയർലൈനുകൾ സേവനം നിർത്തിവച്ചെങ്കിലും, വിമാന സർവീസുകൾ ലഭ്യമാണ്.

$$$$$$$$$$$$$$$
$$$$$$$$$$$$$$$
$$$$$$$$$$$$$$$
$$$$$$$$$$$$$$$